**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3765** **27-10-2021 - ൽ മറുപടിയ്ക്ക്**

**പന്തൽ, ലൈറ്റ് ആന്റ് സൗണ്ട് മേഖലയിലെ തൊഴിലാളികൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 മഹാമാരിയെ തുടർന്ന് ദുരിതത്തിലായ പന്തൽ, ലൈറ്റ് ആന്റ് സൗണ്ട് മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | പന്തൽ, ലൈറ്റ് ആന്റ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ അംഗങ്ങളിൽ അപേക്ഷ സമർപ്പിച്ച എല്ലാ തൊഴിലാളികൾക്കും 2020 കാലയളവിൽ 1000/-രൂപയും ക്വാറന്റൈനിലായിരുന്ന അംഗങ്ങൾക്ക് 5000/-രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000/-രൂപയും ക്ഷേമനിധി ബോർഡിൽ നിന്ന് വിതരണം ചെയ്തിരുന്നു. 2021 കാലയളവിൽ കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1000/-രൂപ വിതരണം ചെയ്യുന്നതിന് സർക്കാരിൽ നിന്ന് തുക അനുവദിച്ചതിൻ പ്രകാരം വിതരണം നടന്നുവരുന്നു. ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരാത്തവർക്ക്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വ മെടുക്കാവുന്നതും, ബോർഡിൽ നിന്നും, പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്കും സർക്കാർ അനുവദിക്കുന്ന മറ്റ് സഹായങ്ങൾക്കും അർഹത നേടാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ